# അൽമായവേദി ന്യൂസ് ബുള്ളറ്റിൻ

**അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരണം**

(വെബ് എഡിഷൻ മാത്രം) 2006 സെപ്റ്റംബർ 27


# പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ നിയുക്ത കാതോലിക്കായാകും

**അൽമായവേദി ന്യൂസ് സർവ്വീസ്**

കോട്ടയം: ഇന്നു ചേർന്ന സഭാ മാനേജിംഗ് കമ്മറ്റിയോഗം സുന്നഹദോസിന്റെ തീരുമാനം ചർച്ചയ്ക്കെടുക്കുകയും പൗലൂസ് മാർ മിലിത്തിയോസിനെ മാനേജിംഗ് കമ്മറ്റിയുടെ പിന്തുണയുള്ള സ്ഥാനാർത്ഥിയായി അസ്സോസിയേഷൻ യോഗത്തിൽ അവതരിപ്പിക്കുവാൻ ഐകകണ്ഠേന തീരുമാനിക്കുകയും ചെയ്തു. ഇതെത്തുടർന്നു മാർ തേവോദോസ്യോസ്, മാർ എപ്പിഫാനിയോസ്, എന്നീ മെത്രാപ്പോലീത്താമാർ നോമിനേഷൻ പിൻവലിച്ചു. മാർ അത്താനാസ്യോസ് (ചെങ്ങന്നൂർ), മാർ യൗസേബിയോസ് എന്നീ മെത്രാപ്പോലീത്താമാർക്കു വേണ്ടി നോമിനേഷൻ ഫയൽ ചെയ്യപ്പെട്ടില്ല. മാനേജിംഗ് കമ്മറ്റിയുടെ അഭ്യർത്ഥന പ്രകാരം മാർ മക്കാറിയോസും നോമിനേഷൻ പിൻവലിച്ചു.

അൽമായവേദി പ്രവർത്തകർ മാർ മക്കാറിയോസ് തിരുമേനിയെ സന്ദർശിച്ച് സംഭാഷണം നടത്തി. അൽമായവേദി തത്വാധിഷ്ഠിതമായ ഒരു നിലപാടെടുക്കുകയും ആ നിലപാടിനായി ശക്തിയായി പ്രചരണം നടത്തുകയും ചെയ്തു. അതു തിരുമേനിയോടുള്ള വ്യക്തിപരമായ എതിർപ്പായിരുന്നില്ലെന്നും വസ്തുനിഷ്ഠമായ നിലപാടിന്റെ പരിണിതഫലമാണെന്നും, തിരുമേനിയ്ക്ക് വേദനയുണ്ടാകുന്ന എന്തെങ്കിലും ഉണ്ടായെങ്കിൽ ഖേദിക്കുന്നുവെന്നും അൽമായവേദി പ്രവർത്തകർ തിരുമേനിയെ ധരിപ്പിച്ചു. തനിക്കു ഒന്നിനെക്കുറിച്ചും വേദനയില്ലെന്നും ഇനിയുള്ള സഭയുടെ പ്രവർത്തനങ്ങൾ പുതിയ നേതൃത്വത്തിന്റേതാണെന്നും തിരുമേനി പ്രസ്താവിച്ചു. പുതിയ നേതൃത്വത്തിന് എല്ലാ പിന്തുണയും നൽകുവാൻ വേദി പ്രവർത്തകർ മാർ മക്കാറിയോസിനോട് അഭ്യർത്ഥിച്ചു.

# അൽമായവേദി പ്രാർത്ഥനാദിനം ആചരിച്ചു

കോട്ടയം: സഭയിലെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുവാൻ ദൈവികമായ ഇടപെടൽ ഉണ്ടാകുവാൻ അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രവർത്തകർ പഴയസെമിനാരിയിൽ പ. വട്ടശ്ശേരിൽ തിരുമേനിയുടെ കബറിങ്കൽ പ്രാർത്ഥനായജ്ഞം നടത്തി. സെമിനാരിയിൽ കൂടിക്കൊണ്ടിരുന്ന സഭാ മാനേജിംഗ് കമ്മറ്റിയിൽ അനുയോജ്യനായ നിയുക്ത കാതോലിക്കായെ നിശ്ചയിക്കുവാനാണ് അൽമായവേദി പ്രവർത്തകർ രാവിലെ 10 മണി മുതൽ 1 മണി വരെ പ്രാർത്ഥനാനിരതരായി പഴയസെമിനാരിയിലുള്ള കബറിങ്കൽ ഇരുന്നത്.

പ്രാർത്ഥനായജ്ഞത്തിന് പ്രസിഡന്റ് കെ. വി. ഏബ്രഹാം കൊടുവത്ത്, വൈസ് പ്രസിഡന്റ് ക്യാപ്റ്റൻ കോശി മത്തായി, ജനറൽ സെക്രട്ടറി തോമസ് ചാണ്ടി, സെക്രട്ടറി പീലിപ്പോസ് പോട്ടയ്ക്കാവയലിൽ, സി. യു. ഉതുപ്പ്, ജോയ്സ് തോട്ടയ്ക്കാട്, ജയിംസ് പാമ്പാടി, എം. കുര്യൻ തോമസ് മുതലായവർ നേതൃത്വം നൽകി.

പ്രാർത്ഥനായജ്ഞത്തിന്റെ അവസാനഭാഗത്തു തന്നെ ദൈവഹിതം വെളിവായി കുന്നംകുളം മെത്രാപ്പോലീത്താ അഭി. പൗലൂസ് മാർ മിലിത്തിയോസിനെ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിലേക്ക് മാനേജിംഗ് കമ്മറ്റി ഐക്യകണ്ഠേന തിരഞ്ഞെടുക്കപ്പെട്ട പ്രഖ്യാപനമുണ്ടാവുകയും കൃത ജ്ഞതാപ്രാർത്ഥനയോടെ യജ്ഞം സമാപിക്കുകയും ചെയ്തു.

പ്രവർത്തകർ മെത്രാപ്പോലീത്തായ്ക്ക് അഭിനന്ദനങ്ങൾ അർപ്പിച്ചു.


**Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedi (Reg. No. K 713/2005), PB No. 652, Kottayam Editor: Joice Thottackad**